തർബിയ്യത്ത്

പി.കെ ജമാൽ




# വിവേകമില്ലെങ്കിൽ വിനാശം

**പ്രവർത്തകരുടെ** ബോധമണ്ഡലത്തെ ബാധിക്കുകയും പ്രസ്ഥാനത്തെ തകർക്കുകയും ചെയ്യുന്ന വ്യാധിയാണ് ധൃതിയും അനവധാനതയും. പ്രസ്ഥാന പാതയിൽ പതിയിരിക്കുന്ന ഈ അപകടത്തെക്കുറിച്ച വ്യക്തമായ ധാരണയുടെ അഭാവം വിപൽക്കരമായ പല ആഘാതങ്ങൾക്കും നിമിത്തമായിട്ടുണ്ട്.


മുസ്‌ലിം സമൂഹം ജീവിക്കുന്ന വർത്തമാനകാല സാഹചര്യങ്ങൾ നിമിഷവേഗത്തിൽ മാറ്റിമറിക്കണമെന്നും, കണ്ണിമ പൂട്ടിത്തുറക്കുന്നതിനിടയിൽ തങ്ങളാശിക്കുന്ന വിപ്ലവം വരുത്തണമെന്നും വിചാരിക്കുന്ന ചിലരെ കാണാം. ഈ ചിന്ത വരുത്തുന്ന വിപത്തുകളെ കുറിച്ച് അവർക്ക് ഒരാലോചനയും ഉണ്ടാവില്ല. തങ്ങൾ ജീവിക്കുന്ന ചുറ്റുപാട്, അഭിമുഖീകരിക്കുന്ന യാഥാർഥ്യങ്ങൾ, ദുരവസ്ഥക്ക് വഴിവെച്ച സാമൂഹികവും ചരിത്രപരവുമായ ഹേതുക്കൾ.... ഇവയെക്കുറിച്ചൊന്നും ആലോചിക്കാൻ അവർക്ക് നേരമില്ല. തങ്ങൾ അവലം

ബിക്കേണ്ട രീതിയെക്കുറിച്ചോ പ്രവർത്തന ശൈലിയെക്കുറിച്ചോ വ്യക്തമായ കാഴ്ചപ്പാടുമില്ല. ഒന്നുറങ്ങി എഴുന്നേറ്റു നോക്കുമ്പോൾ തങ്ങൾ സ്വപ്നത്തിൽ താലോചിച്ച പുതുലോകം സർവസൗന്ദര്യത്തോടെയും ഭാവ ദീപ്തിയോടെയും തങ്ങൾക്ക് മുന്നിൽ പിറന്നു വീണു കാണണമെന്നാണവരുടെ മോഹം. ജാഹിലിയ്യത്തിന്റെ കരി മേഘങ്ങൾ ജീവിതാന്തരീക്ഷത്തിൽനിന്ന് ഒഴിഞ്ഞുപോവുകയും ഇസ്‌ലാമിന്റെ കൊടിക്കൂറക്ക് കീഴിൽ ലോകം സസന്തോഷം, സാമോദം മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സുന്ദരം! മധുരം! മനോജ്ഞം!

ധൃതി മനുഷ്യപ്രകൃതിയിൽ നിലീനമാണെന്ന് സ്രഷ്ടാവായ അല്ലാഹു സാക്ഷ്യപ്പെടുത്തുന്നുണ്ട്. "നന്മയെ തേടേണ്ടതു പോലെ മനുഷ്യൻ തിന്മയെ തേടുന്നു. അവൻ വലിയ ധൃതിക്കാരനാകുന്നു" (*അൽ ഇസ്റാഅ്* 11). "മനുഷ്യൻ ധൃതികാണിക്കുന്ന പ്രകൃതിയോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (*അൽ അമ്പിയാഅ്* 37). ധൃതിയെക്കുറിച്ച് ഇസ്‌ലാമിന് സന്തുലിത കാഴ്ചപ്പാടുണ്ട്. അതിനെ മുഴുവനായി പ്രശംസിക്കുകയോ അടച്ചാക്ഷേപിക്കുകയോ ചെയ്യുന്നില്ല. ചില ധൃതിയെ പുകഴ്ത്തി പറയുന്നു; ചിലതിനെ ഇകഴ്ത്തുന്നു. കുറ്റമറ്റ ആസൂത്രണ പാടവം, ആഘാത പ്രത്യാഘാതങ്ങളെക്കുറിച്ച് കൃത്യമായ ധാരണ, സാഹചര്യങ്ങളെയും പരിസരങ്ങളെയും കുറിച്ച അവബോധം, സർവസജ്ജമായ തയാറെടുപ്പ്, മികച്ച ക്രമീകരണം - ഇത്രയും മുന്നൊരുക്കങ്ങളുണ്ടെങ്കിൽ ധൃതിപിടിച്ച ചുവടുവെപ്പുകളെ അപലപിച്ചു കൂടാ. ഈ ധൃതിയാവാം പ്രവാചകൻ മൂസായുടെ ചരിത്രം വിവരിക്കുമ്പോൾ ഖുർആൻ അനുസ്മരിച്ചത്: "മൂസാ! താങ്കളെ സ്വജനത്തിന് മുമ്പായി (തിരക്കിട്ട്) ഇവിടെ എത്തിച്ചതെന്ത്? അദ്ദേഹം ബോധിപ്പിച്ചു: അവരിതാ എന്റെ പിറകിൽതന്നെ വരുന്നുണ്ട്. ഞാൻ ധൃതിയിൽ നിന്റെ സന്നിധിയിൽ എത്തിയത് എന്റെ നാഥാ, നീ എന്നിൽ സംപ്രീതനാകുന്നതിനു വേണ്ടിയാകുന്നു" (*ത്വാഹാ* 83,84). സന്ദർഭം അനുയോജ്യം, ഒത്തിണങ്ങിയ സാഹചര്യം, അന്ത്യം ശുഭം, ആത്മാർഥതയാൽ പ്രചോദിതം, ആത്മാവ് ദൈവ ചിന്തയാൽ പ്രദീപ്തം, ഹൃദയം പ്രത്യാശാനിർഭരം! മൂസാ പിന്നെയെന്തിന് വൈകണം?

വീണ്ടുവിചാരമില്ലാത്ത എടുത്തു ചാട്ടങ്ങളിലേക്ക് നയിക്കുന്ന ധൃതിയാണ് ആക്ഷേപകരമായിട്ടുള്ളത്. സാഹചര്യങ്ങളെകുറിച്ചും പരിതസ്ഥിതിയെ കുറിച്ചും ഒരു ധാരണയുമില്ലാതെ, മതിയായ തയാറെടുപ്പോ ഒരുക്കമോ കൂടാതെ നടത്തുന്ന ധൃതി പിടിച്ച മുന്നേറ്റങ്ങളും ചുവടുവെപ്പുകളും അപലപിക്കപ്പെടേണ്ടതാണ്. മർദനങ്ങളും പീഡനങ്ങളും അസഹ്യമായ വേളയിൽ, കഅ്ബയുടെ ചാരത്ത് വിശ്രമിക്കുകയായിരുന്ന നബിയോട് ദൈവിക സഹായത്തിനും ഇടപെടലിനും പ്രാർഥിക്കാൻ അഭ്യർഥിച്ച സ്വഹാബിവര്യൻ ഖബ്ബാബ്നു അറത്തിന് പ്രവാചകൻ നൽകിയ മറുപടിയെന്തായിരുന്നു? "നിങ്ങൾക്ക് മുമ്പുള്ള ചരിത്രം നോക്കൂ. കുഴിയിൽ നാട്ടിനിർത്തി ഒരുവന്റെ തല വാളുകൊണ്ട് നെടുകെ പിളർത്ത് രണ്ടു ചീളുകളാക്കും. അതൊന്നും അയാളെ ദീനിൽനിന്ന് പിന്തിരിപ്പിക്കില്ല. ഇരുമ്പു ചീർപ്പുകൊണ്ട് മാംസവും അസ്ഥിയും വേർപെടുന്ന വിധം വാർന്നെടുക്കും. അതും ദീനിൽനിന്നയാളെ പിറകോട്ടടിപ്പിക്കില്ല. സൻആയിൽനിന്ന് ഹദ്റമൗത്തിലേക്ക് യാത്ര ചെയ്യുന്ന വ്യക്തിക്ക് അല്ലാഹുവിനെയും തന്റെ ആട്ടിനെ പിടിക്കുന്ന ചെന്നായയെയും മാത്രം ഭയപ്പെട്ടാൽ മതിയാവുന്ന സാഹചര്യം സംജാതമാവും വിധം അല്ലാഹു ഈ ദൗത്യം വിജയിപ്പിക്കും. പക്ഷേ, നിങ്ങൾ ധൃതികൂട്ടുകയാണ്" (ബുഖാരി). ഇവിടെ ധൃതി വാഴ്ത്തപ്പെടുന്നില്ല.

വ്യക്തിയുടെ കഴിവുകളെയും സിദ്ധികളെയും യോഗ്യതകളെയും കുറിച്ച് വ്യക്തമായ ധാരണയില്ലാതെ പ്രബോധകന്മാരുടെ യാത്രാസംഘത്തിലേക്ക് ആളെ ചേർക്കുന്ന




പ്രവണതയാണ് ധൃതിപിടിച്ച പോക്കിന്റെ പരിണതികളിലൊന്ന്. പ്രസ്ഥാന സംസ്കാരത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളാത്തവരോ ഉദ്ദിഷ്ട മാനദണ്ഡങ്ങൾ പുലർത്താത്തവരോ ആയ വ്യക്തികളെ ഉയർന്ന സ്ഥാനങ്ങളിൽ അവരോധിക്കുന്നതും ധൃതിയുടെ ഫലമായി സംഭവിക്കുന്നതാണ്. പ്രബോധനത്തിന് സഹായകമല്ലാത്തതും ചിലപ്പോൾ ദ്രോഹകരവുമായ നീക്കങ്ങളും അനവധാനതയുടെയും ധൃതിയുടെയും ദുഷ്പരിണതി തന്നെ.

ഇവയുടെയെല്ലാം ആഘാതം ദൂരവ്യാപകമാണ്. പ്രസ്ഥാനത്തിന്റെ വിനാശത്തിലാണ് ധൃതിപിടിച്ച ഈ ഓട്ടത്തിന്റെ ഒടുക്കം. തന്റെ ദീനിനെ ഈ വിധം അപകടത്തിൽ ചാടിച്ചതിന് അല്ലാഹുവിന്റെ ശിക്ഷ വേറെയുമുണ്ടാവുമെന്നോർക്കണം.

## ഒരു ഈജിപ്ഷ്യൻ അനുഭവം

മുപ്പതുകളുടെ അവസാനം. ഈജിപ്തിലെ ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ഭാസുര ഘട്ടം. ഇഖ്വാനുൽ മുസ്ലിമൂൻ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് സ്വന്തം പാത വെട്ടിത്തെളിച്ച് മുന്നേറുന്ന സുവർണദശ. ദേശീയ-അന്തർദേശീയ പ്രശ്നങ്ങളിൽ ഇഖ്വാന്റെ ശബ്ദത്തിന് ലോകം കാതോർക്കുന്ന അസുലഭ വേള. ഈ ഘട്ടത്തിലാണ് പ്രസ്ഥാന പ്രവർത്തകനായ അഹ്മദ് രിഫ്അത്ത്, ഇഖ്വാൻ കാലങ്ങളായി അവലംബിച്ചു പോരുന്ന പ്രവർത്തനശൈലിയെയും നാളിതുവരെ സ്വീകരിച്ചു പോരുന്ന കർമരീതിയെയും വിമർശിച്ച് പുതിയ ചില ശൈലികൾ സ്വീകരിക്കാനുള്ള ആഹ്വാനവുമായി രംഗത്തുവന്നത്.

ശ്രദ്ധപതിയേണ്ട യാതൊന്നും തുടക്കത്തിൽ ഈ നീക്കത്തിന് ഉണ്ടായിരുന്നില്ല. പ്രസ്ഥാനത്തിലെ ഓരോ വ്യക്തിക്കും നിരൂപണം നടത്താനും വിമർശിക്കാനും തനിക്ക് ശരിയെന്ന് തോന്നുന്ന രീതി സമർഥിക്കാനും അവകാശമുണ്ട്. പിന്നെ സംഘടനയുടെ വിവിധ തലങ്ങളിൽ നിർദേശങ്ങളെ കുറിച്ച് ചർച്ചകളും സംവാദങ്ങളും നടക്കും. ഏറ്റവും ശരിയും കുറ്റമറ്റതുമായ തീരുമാനങ്ങളിൽ പ്രസ്ഥാനം എത്തിച്ചേരുകയും ചെയ്യും. പക്ഷേ, അഹ്മദ് രിഫ്അത്തിന്റെ ഈ നീക്കത്തെ ഗൗരവത്തോടെ കാണാൻ പ്രേരിപ്പിച്ചത്, പ്രസ്ഥാനത്തിലെ ഒരു വലിയ വിഭാഗം യുവാക്കൾ ഈ ആഹ്വാനം ചെവിക്കൊണ്ട് അതിനൊത്ത് സമാനമായ വാദഗതികൾ ഉയർത്തിയപ്പോഴാണ്. അഹ്മദ് രിഫ്അത്തിന്റെ ആവശ്യങ്ങൾ അറിയാനും വിമർശനങ്ങളുടെ പൊരുൾ മനസ്സിലാക്കാനും നടന്ന കൂടിക്കാഴ്ചകളിൽ ബോധ്യപ്പെട്ടത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്: പ്രസ്ഥാനം ഭരണകൂടത്തോട് പ്രീണനനയം കൈക്കൊള്ളുന്നു. പൂച്ചയും എലിയും കളിക്കുകയാണ് പ്രസ്ഥാനവും ഭരണകൂടവും. ഈ ഞാണിന്മേൽ കളി മതിയാക്കി ഖുർആൻ നിർദേശിച്ച അടിസ്ഥാനങ്ങൾ ഉയർത്തിപ്പിടിച്ച് ഭരണകൂടത്തെ നേരിടുകയും വേണ്ടിവന്നാൽ ഏറ്റുമുട്ടുകയും വേണം. "അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ അവിശ്വാസികളാകുന്നു." രണ്ട്: സ്ത്രീകൾ ശരീര സൗന്ദര്യം പ്രദർശിപ്പിച്ച് വിലസി നടക്കുകയും അഴിഞ്ഞാടി വിഹരിക്കുകയും ചെയ്യുന്ന വിഷയത്തിൽ പ്രായോഗികമായ ഒരു നടപടിയും പ്രസ്ഥാനം സ്വീകരിച്ചുകാണുന്നില്ല. കേവലം ഉപദേശങ്ങളിൽ ഒതുക്കുകയാണ് ഇത്തരം പ്രവണതകൾക്കെതിരെയുള്ള

പ്രവർത്തനങ്ങൾ. പ്രസ്ഥാനം അതിന്റെ പ്രവർത്തകരെ തെരുവുകളിലും പൊതു നിരത്തുകളിലും വിന്യസിച്ച്, ഹിജാബ് ധരിക്കാത്ത സ്ത്രീകൾ കടന്നു പോകുമ്പോൾ അവരുടെ ദേഹത്ത് ചായമൊഴിച്ചും മഷി കുടഞ്ഞും ഇത്തരം പ്രവണതകളിൽനിന്ന് അവരെ പിന്തിരിപ്പിക്കാൻ നിർബന്ധിതരാക്കണം.

മൂന്ന്: ഫലസ്ത്വീൻ മുജാഹിദുകൾക്ക് നൽകുന്ന പിന്തുണ വിഭവസമാഹരണത്തിലും അവരുടെ സമരത്തിന് വാർത്താമാധ്യമങ്ങളിലൂടെ നൽകുന്ന പ്രചാരണത്തിലും പരിമിതപ്പെടുത്തുന്നത്, ഈ പ്രശ്നത്തിൽ വരുത്തുന്ന ഗുരുതരമായ വീഴ്ചയാണ്. ജിഹാദിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. സമരമുഖത്ത് നിന്നുള്ള പിന്മാറ്റമാണ്. അതിനാൽ പ്രസ്ഥാന പ്രവർത്തകർ ഒന്നടങ്കം തങ്ങളുടെ തൊഴിലും ജോലിയുമെല്ലാം ഉപേക്ഷിച്ച് ഫലസ്ത്വീൻ പോരാളികളോടൊപ്പം അണിചേർന്ന് യുദ്ധമുന്നണിയിൽ പടവെട്ടണം.

സദസ്യരിൽ ചിലർ ഒന്നാമത്തെയും രണ്ടാമത്തെയും ആവശ്യങ്ങൾക്ക് ഇങ്ങനെ മറുപടി നൽകി:

ഭരണകൂടവുമായുള്ള അഭിമുഖീകരണം രണ്ട് ഉപാധികൾ പൂർത്തീകരിച്ചേ പാടുള്ളൂ:

1) ഇസ്‌ലാമിന്റെ അടിസ്ഥാനാശയങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ആവശ്യം. യഥാർഥത്തിൽ ജനങ്ങൾ ഇവയെക്കുറിച്ച് അജ്ഞരാണ്. പ്രത്യേകിച്ചും, ഇസ്‌ലാമിന്റെ ഭരണവ്യവസ്ഥയെയും നിയമനിർമാണത്തെയും കുറിച്ച് വലിയ വിവരമില്ലാത്തവരാണ് പൊതുസമൂഹം.

2) ഏത് പരിതസ്ഥിതിയും ധീരമായി നേരിടാനുള്ള ശക്തമായ ജനപിന്തുണ പ്രസ്ഥാനം ആർജിക്കണം. പ്രസ്ഥാനം സ്വന്തം കാലിൽ നിൽപുറപ്പിക്കാൻ പാടുപെടുന്ന ശൈശവാവസ്ഥയിൽ തന്നെയാണിപ്പോഴും.

പിന്നെ സ്ത്രീകളുടെ വിഷയം. അഹ്മദ് രിഫ്അത്തിന്റെ നിർദേശം കൈക്കൊണ്ടാൽ ഒന്നാമത്തെ ദിവസം തന്നെ എല്ലാവരും അറസ്റ്റ് ചെയ്യപ്പെടുകയും ഭേദ്യമുറകൾക്ക് വിധേയമാക്കപ്പെടുകയും ജയിലും പിഴയുമായി കഴിയേണ്ടിവരികയും ചെയ്യും. ശിക്ഷാ കാലാവധി പൂർത്തിയാക്കി തിരിച്ചു വന്ന് വീണ്ടും ഇതേ രീതി സ്വീകരിച്ചാൽ ശിക്ഷ ഇരട്ടിയാവും. കരിമഷി ഒഴിച്ചാൽ വസ്ത്രം നഷ്ടപ്പെട്ട സ്ത്രീകൾക്ക് സ്വന്തം കീശയിൽനിന്ന് അതിന്നുള്ള നഷ്ടപരിഹാരം പ്രസ്ഥാന പ്രവർത്തകർ നൽകേണ്ടിവരും. കരിമഷി ഒഴിച്ചവർ വീണ്ടും ഇരുമ്പഴികൾക്കകത്തായാൽ സ്ത്രീകളെ തടയാൻ രംഗത്ത് ആരുണ്ടാവും? അഴിഞ്ഞാടി നടക്കുന്ന സ്ത്രീകളെ നേർവഴി നടത്താൻ ഈ രീതി സ്വീകരിക്കുന്നതിൽ അർഥമില്ല.

പിന്നെ ഫലസ്ത്വീൻ വിഷയം. ഫലസ്ത്വീൻ മുഫ്തി സയ്യിദ് അമീനുൽ ഹുസൈനി രചിച്ച ഗ്രന്ഥം ഈ വിഷയത്തിൽ പ്രസ്ഥാനം കൈക്കൊണ്ട നിലപാടുകൾ ശരിവെക്കുന്നതാണ്. അദ്ദേഹം എഴുതി: ഫലസ്ത്വീൻ പ്രശ്നം ലോകശ്രദ്ധയിൽ കൊണ്ടുവരാൻ പ്രസ്ഥാനം നടത്തുന്ന ശ്രമങ്ങളും പ്രചാരണ പ്രവർത്തനങ്ങളുമാണ് നമ്മെ സംബന്ധിച്ചേടത്തോളം ഇപ്പോൾ ഏറ്റവും ആവശ്യമായിട്ടുള്ളത്. പോരാളികളെ ഇപ്പോൾ നമുക്കാവശ്യമില്ല."

ഈ വിധം വ്യക്തമായ മറുപടിയും വിശദീകരണവും നൽകിയിട്ടും അഹ്മദ് രിഫ്അത്ത് തന്റെ നിലപാടിൽതന്നെ ഉറച്ചുനിന്നു. അയാളെ പിന്തുണക്കുന്നവരുടെ എണ്ണം കൂടിവന്നു. പ്രസ്ഥാന നേതാക്കളെയും പ്രവർത്തകരെയും ലജ്ജ ലേശമില്ലാതെ ശകാരിക്കാനും തെറിവിളിക്കാനും തുടങ്ങി അവർ. പ്രസ്ഥാന പ്രവർത്തകർ

അദ്ദേഹവുമായുള്ള ബന്ധം വിഛേദിക്കുകയും അദ്ദേഹത്തോടൊപ്പം കൂടിയവർ ഒന്നൊന്നായി ഒഴിഞ്ഞുപോവുകയും ചെയ്തപ്പോൾ താൻ പൂർണമായി ഒറ്റപ്പെട്ടതായി തോന്നിയ അദ്ദേഹം ഇംഗ്ലീഷുകാരോടും ജൂതന്മാരോടും പടവെട്ടുന്ന മുജാഹിദുകളോടൊപ്പം ചേരാൻ ഫലസ്ത്വീനിലേക്ക് പോവാൻ തീരുമാനിച്ചു.

ഈ ഘട്ടത്തിൽ ഇഖ്വാൻ ഇടപെട്ട് ഗുണകാംക്ഷയോടെ ഒരു നിർദേശം വെച്ചു. ഫലസ്ത്വീനിൽ യുദ്ധം ചെയ്യുന്ന ഏതെങ്കിലും പോരാളി ഗ്രൂപ്പിന് അദ്ദേഹത്തെ എൽപിച്ചുകൊടുക്കാമെന്നും ഇത് അദ്ദേഹത്തിന്റെ ദൗത്യം സുരക്ഷിതമായി പൂർത്തീകരിക്കാൻ ഉതകുമെന്നുമായിരുന്നു നിർദേശം. കാരണം തങ്ങൾക്ക് പരിചയമില്ലാത്ത ആരെയും സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും ചാരന്മാരാണെന്ന് കരുതി വധിക്കുകയും ചെയ്യുന്നതാണ് ഫലസ്ത്വീൻ പോരാളികളുടെ രീതി. പക്ഷേ ഈ നിർദേശം അഹ്മദ് രിഫ്അത്ത് നിരാകരിച്ചു. താൻ തനിച്ചു പൊയ്ക്കൊള്ളാമെന്ന് അദ്ദേഹം ശഠിച്ചു. പ്രസ്ഥാനം പ്രതീക്ഷിച്ചതു തന്നെ സംഭവിച്ചു. ഫലസ്ത്വീനിലെത്തിയ അദ്ദേഹം പോരാളികളാൽ കൊല്ലപ്പെട്ടു. അവർക്ക് അദ്ദേഹത്തെ സംശയമായിരുന്നു.

ഖുർആനിനെക്കുറിച്ചും ഇസ്‌ലാമിക പ്രബോധന ചരിത്രത്തെപ്പറ്റിയും വർത്തമാനകാല യാഥാർഥ്യങ്ങളെ സംബന്ധിച്ചും ഉപരിപ്ലവ ധാരണകൾ വെച്ചുപുലർത്തി അത്യാവേശം കാട്ടുന്നതിന്റെ ദുഷ്പരിണതി വ്യക്തമാക്കിത്തരുന്നു ഈ സംഭവം. അമിതാവേശത്തിന്റെ അനന്തരഫലം ധൃതിയാണ്. അതിന്റെ ഫലം അഹ്മദ് രിഫ്അത്തിന് സംഭവിച്ചതു പോലുള്ള ദുരന്തവും.

പ്രസ്ഥാനത്തിൽ ചേരുന്നതിന് മുമ്പ് രിഫ്അത്തിന് ഇസ്‌ലാമിനെക്കുറിച്ചോ ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചോ ഒന്നും അറിയില്ലായിരുന്നു. ഇസ്‌ലാമികാദർശത്തിന്റെ മഹിമ മനസ്സിലായതോടെ അത്യാവേശപൂർവം പ്രസ്ഥാനത്തിൽ അണിചേർന്നു. അഗാധമായ അറിവിന്റെ പടച്ചട്ടയണിയുന്നതിന് മുമ്പെ മുൻപിൻ ചിന്തയോ വീണ്ടുവിചാരമോ ഇല്ലാതെ എടുത്തുചാടുകയും ഏറ്റുമുട്ടി സ്വയം നാശമടയുകയും ചെയ്തു. അല്ലാഹുവിന്റെ കാവലും നേതൃത്വത്തിന്റെ വിവേകപൂർവമായ ഇടപെടലും യഥാസമയത്തുണ്ടായിരുന്നില്ലെങ്കിൽ സംഘടനയും പ്രസ്ഥാനവും അയാളോടൊപ്പം തകരുമായിരുന്നു.

ധൃതി മൂലം സംഭവിക്കുന്ന മറ്റൊരു ദുരന്തം പ്രവർത്തനം നിലച്ചുപോകുമെന്നതാണ്. ചുരുങ്ങിയത് പ്രസ്ഥാനത്തെ ദശകങ്ങളോളം അത് പിറകോട്ട് വലിക്കും. പ്രവർത്തന മാർഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ജീവിതാന്തരീക്ഷം മലിനമാവുകയും നിരവധി പ്രവർത്തകരുടെ ജീവനും സമ്പത്തും അഭിമാനവും വിലയായി നൽകേണ്ടതായും വരും. ഇതുകൊണ്ടെല്ലാം വല്ല പ്രയോജനവുമുണ്ടാകുമോ? എല്ലാം നിഷ്ഫലം.

മനുഷ്യ പ്രകൃതിയിൽ നിലീനമായ ധൃതിയെ മെരുക്കുകയും കടിഞ്ഞാണിട്ടു നിയന്ത്രിക്കുകയുമാണാവശ്യം. ■

(ഡോ. സയ്യിദ് മുഹമ്മദ് നൂഹ് രചിച്ച *ആഫാത്തുൻ അലത്ത്വരീഖ്* എന്ന കൃതിയുടെ ആദ്യഭാഗത്തിന്റെ സ്വതന്ത്രാഖ്യാനം).